## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2595** **23-02-2026 - ൽ മറുപടിയ്ക്ക്**

## കല്ലിക്കണ്ടി 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ കല്ലിക്കണ്ടി 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കുമോ; | (എ) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ കല്ലിക്കണ്ടി 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് വേണ്ടി അനുകൂലമായ സാങ്കേതിക സാധ്യത പഠന റിപ്പോർട്ട് (എൽ.എഫ്.എസ് റിപ്പോർട്ട്) ലഭ്യമായിട്ടുണ്ട്. തുടർന്ന് സബ്സ്റ്റേഷന് ആവശ്യമായ സ്ഥലം ലഭിക്കുന്നതിനായി താത്പര്യപത്രം ക്ഷണിച്ചതു പ്രകാരം (ഇ. ഒ. ഐ) ഒരു വ്യക്തി 1 ഏക്കർ 12 സെന്റ് സ്ഥലം നിലവിൽ പരിസരത്തെ ഭൂമി വിലയ്ക്ക് അനുസൃതമായി ലഭിച്ചാൽ വിട്ടുനൽകാമെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്തേക്കുള്ള അപ്രോച്ച് റോഡിന് 5.62 സെന്റ് സ്ഥലം ആവശ്യമാണ്. എന്നാൽ ഇത് വിട്ടുനൽകുന്നതിന് സ്ഥലമുടമകൾ ആരും തന്നെ സമ്മതപത്രം നൽകിയിട്ടില്ല. ആയതിനാൽ ഭരണാനുമതി നൽകിയിട്ടില്ല എന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സബ്സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത സബ്സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിനു സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:<br><br>പ്രസ്തുത സ്ഥലത്തെ ജനപ്രതിനിധികളുടെയും രാഷ്ട്രീയ നേതാക്കന്മാരുടെയും സാന്നിദ്ധ്യത്തിൽ യോഗങ്ങൾ നടത്തിവരുന്നുണ്ട്.<br><br>സ്ഥലമുടമകളുടെ ഭാഗത്ത് നിന്നും അനുകൂല തീരുമാനം ഉണ്ടായിട്ടില്ല. 31.12.2025-ൽ ചേർന്ന യോഗത്തിൽ സബ്സ്റ്റേഷന് അപ്രോച്ച് റോഡിനുള്ള ഭൂമി സൗജന്യമായി ലഭ്യമാകുമെന്ന് ഉറപ്പ് വരുത്തി ഭരണാനുമതിക്കുള്ള നടപടി ക്രമങ്ങളുമായി മുന്നോട്ട് പോകാനും, സബ്സ്റ്റേഷനു വേണ്ടിയുള്ള ഭൂമി RFCTLARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിക്കണം എന്നുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | നിർമ്മാണ പ്രവർത്തനം ആരംഭിക്കാവുന്നതാണ് എന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ